**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5215** **27.06.2019 - ൽ മറുപടിക്ക്.**

## അർഹരായവരെ മുൻഗണന കാർഡിൽപെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. രാജു എബ്രഹാം :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** നിരവധി അനർഹർ മുൻഗണന റേഷൻ കാർഡിൽ കയറിപ്പറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ) യും (ബി) യും** ഉണ്ട്. സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമേ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻകാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നു വരുന്നു. തദ്ദേശ സ്വയം ഭരണം, മോട്ടോർ വാഹന വകുപ്പുകളുടെ ഡേറ്റായുമായി ആർ.സി.എം.എസ്. ഡേറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്. |
| **(ബി)** അർഹരായവരെ മുൻഗണന കാർഡിൽ ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഒഴിവാക്കൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടന്ന പരിശോധനയിൽ 3,71,952 കുടുംബങ്ങൾ ഉൾപ്പെട്ട പട്ടികയിൽ നിന്നും സീനിയോരിറ്റി അനുസരിച്ച് അനർഹരെ കണ്ടെത്തിയ ഒഴിവിലേക്ക് അർഹരെ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. നാളിതുവരെ 3,16,960 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ്തല പരിശോധന നടത്തി, നിലവിലെ മുൻഗണനാ പട്ടികയിൽ ഇത്തരത്തിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങാത്ത 70,000 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവരെ ഒഴിവാക്കി പകരം അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്ന് വരുന്നു. കൂടാതെ വസ്തുതകൾ മറച്ചു വച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**